**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1240** **10-08-2017 ൽ മറുപടിക്ക്**

## പട്ടയം നൽകുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എസ്.ശബരീനാഥൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ നാവായിക്കുളം പഞ്ചായത്തിൽ നൈനൊകോണത്ത് 12 ഏക്കറിൽ താമസിക്കുന്നവർക്ക് പട്ടയം നല്കുന്നതിനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ നാവായിക്കുളം വില്ലേജിൽ മുൻ സർവ്വെ 170/11, 1701/55, 3850 എന്നിവയിൽ നിന്നും മിച്ച ഭൂമിയായി ഏറ്റെടുക്കുവാൻ തീരുമാനിച്ച 12.91 ഏക്കർ ഭൂമിയിലെ നിലവിലുള്ള അർഹരായ കൈവശക്കാർക്ക് നിയമാനുസൃതം പട്ടയം നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തി കഴിഞ്ഞു. ടി ആൾക്കാർക്ക് കേരള ഭൂപരിഷ്കരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ ഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ എന്നറിയിക്കാമോ; | (ബി) | ടി ഭൂമിയുടെ സർവ്വെനടപടി 20/03/17 ൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | തലമുറകളായി അവിടെ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആ തീരുമാനം എന്നാണ് എടുത്തത്; | (സി) | ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09/11/2016 ന് ചേർന്ന യോഗ തീരുമാനത്തിൽ പ്രസ്തുത ഭൂമിയിലെ നിലവിലുള്ള അർഹരായ ഭൂരഹിതരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | എപ്പോൾ പട്ടയം കൊടുക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ? | (ഡി) | ഏറ്റെടുത്ത മിച്ച ഭൂമിയിലെ കൈവശക്കാരുടെ പേരു വിവരം, നിലവിലെ കൈവശ വിസ്തീർണ്ണം, സർവ്വെ സ്കെച്ച് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് കേരള ഭൂ പരിഷ്ക്കരണ നിയമത്തിൽ അനുശാസിക്കും പ്രകാരം അപേക്ഷകൾ സ്വീകരിച്ച് കാലതാമസം വരുത്താതെ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ